പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4957 23-03-2018-ലെ മറുപടിക്ക്

## അഭിഭാഷകരുടെ ക്ഷേമത്തിനായി നടപടിക്രമങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. എ. കെ. ബാലൻ<br>ബഹു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |

| | |
| --- | --- |
| (എ) അഭിഭാഷകരുടെ ക്ഷേമത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ; | 1. അഭിഭാഷക ക്ഷേമനിധിയിൽ 15 വർഷത്തെ തുടർച്ചയായ അംഗത്വം പൂർത്തിയാക്കി പ്രാക്ടീസ് നിർത്തുന്ന ഒരംഗത്തിന് യഥാർത്ഥ പ്രാക്ടീസ് പൂർത്തിയാക്കുന്ന ഓരോ വർഷത്തിനും 14285/-രൂപ എന്ന നിരക്കിൽ പരമാവധി 5 ലക്ഷം രൂപ നിധിയിൽ നിന്നും അനുവദിച്ചുവന്നിരുന്നത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രാക്ടീസ് പൂർത്തിയാക്കുന്ന ഓരോ വർഷത്തിനും 25000/- രൂപ എന്ന നിരക്കിൽ പരമാവധി ആനുകൂല്യം 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതാണ്.<br><br>2. യഥാർത്ഥ പ്രാക്ടീസ് തുടരുന്ന സമയത്ത് മരണപ്പെടുന്ന ഒരംഗത്തിന്റെ നാമനിർദ്ദേശം ചെയ്യുന്ന ആളിനോ അല്ലെങ്കിൽ നിയമാനുസൃത അവകാശിയ്ക്കോ അനുവദിയ്ക്കുന്ന പരമാവധി ആനുകൂല്യം 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതാണ്. |

| | | |
|---|---|---|
| | | 3. ഫണ്ടിലെ അംഗങ്ങൾക്ക് മേജർ ശസ്ത്രക്രിയ ഉൾപ്പെടുന്ന ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്ന സംഗതിയിലോ കാൻസർ ചികിത്സയ്ക്കും മറ്റ് ഗുരുതര രോഗങ്ങൾക്കും വേണ്ടിയോ 3 വർഷക്കാലയളവിലേയ്ക്ക് 1 ലക്ഷം രൂപ നൽകുന്നതിന് വ്യവസ്ഥ ചെയ്തു.<br><br>4. 30 വയസ്സ് പൂർത്തിയാക്കാത്തതും 1 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതും ബാറിലെ സേവനകാലം 3 വർഷത്തിൽ അധികരിക്കാത്തതുമായ ഒരു അഭിഭാഷകന്, ട്രസ്റ്റി കമ്മിറ്റി കാലകാലങ്ങളിൽ നിശ്ചയിക്കുന്നതും സർക്കാർ അംഗീകരിക്കുന്നതുമായ നിരക്കിൽ സ്റ്റൈപ്പൻഡ് നൽകുന്നതിന് വ്യവസ്ഥ ചെയ്തു. അതിൻ പ്രകാരം കേരള അഭിഭാഷക ക്ഷേമനിധിയിൽ നിന്നും പ്രതിമാസം 5000/- രൂപ (അയ്യായിരം രൂപ മാത്രം) നിരക്കിൽ സ്റ്റൈപ്പന്റ് അനുവദിയ്ക്കുന്നതിന് 09/03/2018-ലെ സ.ഉ.(എം.എസ്) നം.36/2018/നിയമം പ്രകാരം സർക്കാർ അനുമതി നല്കിയിട്ടുള്ളതുമാണ്. |
| (ബി) | എൻറോൾമെന്റ് കഴിഞ്ഞ് പ്രാക്ടീസ് ആരംഭിക്കുന്ന പുതിയ അഭിഭാഷകരുടെ ക്ഷേമത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | 30 വയസ്സ് പൂർത്തിയാക്കാത്തതും 1 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതും ബാറിലെ സേവനകാലം 3 വർഷത്തിൽ അധികരിക്കാത്തതുമായ ഒരു അഭിഭാഷകന്, ട്രസ്റ്റി കമ്മിറ്റി കാലകാലങ്ങളിൽ നിശ്ചയിക്കുന്നതും സർക്കാർ അംഗീകരിക്കുന്നതുമായ നിരക്കിൽ സ്റ്റൈപ്പൻഡ് നൽകുന്നതിന് വ്യവസ്ഥ ചെയ്തു. അതിൻ പ്രകാരം കേരള അഭിഭാഷക |

| | |
|---|---|
| | ക്ഷേമനിധിയിൽ നിന്നും പ്രതിമാസം 5000/- രൂപ (അയ്യായിരം രൂപ മാത്രം) നിരക്കിൽ സ്റ്റൈപ്പന്റ് അനുവദിയ്ക്കുന്നതിന് 09/03/2018-ലെ സ.ഉ.(എം.എസ്) നം.36/2018/നിയമം പ്രകാരം സർക്കാർ അനുമതി നല്കിയിട്ടുള്ളതുമാണ്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.